(ബി) പ്രാതിനിധ്യം ഇപ്പോഴും തന്നെയുണ്ട്. ആവശ്യാനുസരണം പ്രത്യേക നിയമനങ്ങൾ നടത്തി പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ശതമാനം ഉയർത്തുവാൻ കെൽട്രോൺ ശ്രമിക്കുന്നുണ്ട്.

തോട്ടണ്ടിയുടെ വിതരണ നയം

2009 [3106] ശ്രീമതി ഗൗരിയമ്മ തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടണ്ടിയുടെ നിലവിലുള്ള വിതരണനയം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ദിവസക്കൂലിക്ക് വ്യവസായ വകുപ്പിൽ നിയമിച്ച ഡ്രൈവർമാർ

2010 [3113] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ ഇപ്പോഴും ദിവസക്കൂലിക്ക് ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേരെ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരാളിനെ നിയമിച്ചിട്ടുണ്ട്.

കെ. എസ്. ഐ. ഡി. സി. യിലെ ജീവനക്കാർക്ക് ബോണസ്

2011 [3115] ശ്രീ. എം. വി. മാണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഐ. ഡി. സി. യിൽ ആർബിട്രേഷൻ അവാർഡിന്റെ ഫോർമുല അനുസരിച്ച് 1985–86–ലെ ബോണസ് ജീവനക്കാർക്ക് വിതരണം ചെയ്തപ്പോൾ ശമ്പള പരിധി 750 രൂപയ്ക്ക് പകരം ബോണസ് ആക്ടിന്റെ പുതിയ ഭേദഗതി പ്രകാരമുള്ള 1,500 രൂപ പരിധിയായി നിശ്ചയിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഇനിയെങ്കിലും പുതിയ ശമ്പള പരിധി കണക്കാക്കി കുടിശ്ശികയായി ബാക്കി തുക ജീവനക്കാർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതുസംബന്ധിച്ച് ജീവനക്കാർ നൽകിയ പരാതിക്ക് തീരുമാനം എടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ. എസ്. ഐ. ഡി. സി. യിലെ ജീവനക്കാർക്ക് ബോണസ് ആക്ടിലെ വ്യവസ്ഥകളും ബാധകമല്ല. കോർപ്പറേഷൻ അംഗീകരിച്ച ആർബിട്രേഷൻ അവാർഡിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് 1985–86–ൽ വിതരണം ചെയ്തത് ബോണസ്സല്ല; ഉൽപ്പാദന മത്സര ബന്ധിതമായ പ്രോൽസാഹന അലവൻസാണ്. അതിനാൽ ബോണസ് ആക്ടിലെ വ്യവസ്ഥകളുടെ ലംഘനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുന്ന പ്രശ്നമുദിക്കുന്നേയില്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) 'എ' പാർട്ട് ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന സാഹചര്യം കാണിച്ചുകൊണ്ട് ജീവനക്കാർ കൂടുതൽ സാമ്പത്തികാനുകൂല്യങ്ങൾക്ക് അർഹരല്ലെന്ന് അറിയിച്ചിട്ടുണ്ട്.

കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനിലെ തൊഴിലാളികൾ

2012 [3116] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിൽ എത്ര തൊഴിലാളികൾ ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കോർപ്പറേഷന് ലഭിച്ച തുക എത്ര?

ഉത്തരം

(എ) കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ആർട്ടിസാൻ പദ്ധതികൾക്ക് വേണ്ടി രജിസ്റ്റർ ചെയ്യുന്നതിനായി 75,000 ത്തോളം തൊഴിലാളികൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) 3.72 ലക്ഷം രൂപ.

വൈൽഡ് ലൈഫ് വിഭാഗം

2013 [3122] ശ്രീ. രാഘവൻ പൊഴക്കടവിൽ:
,, ബെന്നി ബഹനാൻ:
,, കെ. സി. ജോസഫ്:
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി, സദയം മറുപടി നൽകുമോ:

(എ) വൈൽഡ് ലൈഫ് ഒരു പ്രത്യേക വിഭാഗമാണോ;

(ബി) ഈ വിഭാഗത്തിൽ എത്ര തസ്തികകളും എത്ര ജീവനക്കാരുമുണ്ട്;

(സി) എത്ര വന്യമൃഗ സംരക്ഷണകേന്ദ്രങ്ങൾ ഈ വിഭാഗത്തിന്റെ അധീനതയിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly